ഓഫ് വേജസ് ആക്ട് അനുസരിച്ച് സ്ട്രൈക്ക് ഇല്ലീഗൽ ആണെന്നു പറയണം; നിയമവിരുദ്ധമാണെന്ന് പ്രഖ്യാപിക്കണം. ജോലി വ്യവസ്ഥകൾ അത് കോൺട്രാക്ട് ആണെങ്കിൽ, എഗ്രിമെന്റിലെ വ്യവസ്ഥകൾ ലംഘിക്കുന്നതരത്തിൽ തൊഴിലാളികൾ ആബ്സന്റ് ആയാൽ മാത്രമേ ഒരു ദിവസത്തെ ശമ്പളം പിടിക്കുവാൻ പാടുള്ളൂ. അതല്ലാതെ മുഴുവൻ കാലത്തേയും ശമ്പളം പിടിക്കുവാൻ പേമെന്റ് ഓഫ് വേജസ് ആക്ടിൽ വ്യവസ്ഥയില്ല. അതിനനുസൃതമായി മദ്ധ്യപ്രദേശിലും കേരളത്തിലും മറ്റുസ്ഥലങ്ങളിലും ശമ്പളം പിടിക്കാൻ പാടില്ല എന്നുണ്ട്. അതുകൊണ്ട് നിങ്ങൾ ഇലക്ട്രിസിറ്റി ബോർഡിൽ പേമെന്റ് ഓഫ് വെജസ് ആക്ട് അനുസരിച്ച് ശമ്പളം പിടിച്ചതു ശരിയാണോ ?

ശ്രീ. കെ. എം. മാണി : കേസ് നമുക്ക് ഹൈക്കോടതിയിൽ വാദിക്കാം. കേസ് അവിടെ പെൻഡിംഗാണ്. ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ നിയമ പണ്ഡിറ്റ് എന്ന നിലയിൽ ഹൈക്കോടതിയിൽ വാദിച്ച് അതു തെറ്റാണെങ്കിൽ തിരുത്താം.

ബാർ ലൈസൻസ്

* 266 [323] ശ്രീ. രമേശ് ചെന്നിത്തല :
,, തച്ചടി പ്രഭാകരൻ :
,, കെ. കെ. തോമസ് :
,, കെ. എസ്. നാരായണൻ നമ്പൂതിരി :
,, കെ. ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡമെന്ത് ;

(ബി) ഇതിനാവശ്യമുള്ള വിദേശമദ്യം നൽകുന്നത് ഏത് ഏജൻസിയാണ് ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1985 ജൂൺ 30 വരെ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകിയ വകയിൽ എത്ര സംഖ്യ ലഭിച്ചു ?

എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എൻ. ശ്രീനിവാസൻ) :

(എ) ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുന്നതിനുള്ള നിബന്ധനകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) സംസ്ഥാനത്തെ വിദേശമദ്യ മൊത്ത വ്യാപാര ശാലകളാണ് ഇവർക്ക് വിതരണം ചെയ്യുന്നത്.

(സി) 7,68,00,000 രൂപ.

ശ്രീ. രമേശ് ചെന്നിത്തല : ഈ സാമ്പത്തിക വർഷം എത്ര ലൈസൻസ് ഈ ഡിപ്പാർട്ടുമെന്റ് മുഖേന കൊടുത്തിട്ടുണ്ടെന്നു വ്യക്തമാക്കുമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ശ്രീനിവാസൻ : ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 128 ബാർ ലൈസൻസുകൾ കൊടുത്തിട്ടുണ്ട്.

ശ്രീ. തച്ചടി പ്രഭാകരൻ : ഫെബ്രുവരി മാസത്തിലോ മാർച്ച് മാസത്തിലോ ലേലം നടന്നു കഴിഞ്ഞതിനുശേഷം ബാർ ലൈസൻസ് കൊടുക്കുന്നത് ലേലത്തിൽ പിടിക്കുന്ന കോൺട്രാക്ടർക്ക് നഷ്ടമാണ്. അതുകൊണ്ട് ഒരു പോളിസി എന്ന നിലയ്ക്ക് ലേലത്തിനുമുൻപ് ഇന്ന സ്ഥലത്ത് ഇന്ന ലൈസൻസ് ഉണ്ടെന്ന് പറയുന്ന കീഴ്വഴക്കം ഉണ്ട്. ആ കീഴ്വഴക്കം ലംഘിച്ചുകൊണ്ടാണ് ഇപ്പോൾ ബാർ ലൈസൻസ് കൊടുക്കുന്നത് എന്നുള്ളത് ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? അതിൽ എന്താണ് ഗവൺമെൻറിൻെറ പോളിസി എന്നു വ്യക്തമാക്കുമോ ?

ശ്രീ. എൻ. ശ്രീനിവാസൻ : ബാർ ലൈസൻസിന് അപേക്ഷിക്കുന്നവർക്കു മാത്രമേ ലൈസൻസ് കൊടുക്കാൻ സാദ്ധ്യമാകൂ.

ശ്രീ. തച്ചടി പ്രഭാകരൻ : ഇപ്പോൾ ബാർ ലൈസൻസ് കൊടുക്കുന്നതിന് ക്ലിപ്തമായ ഫീസാണുള്ളത്. ഒന്നര ലക്ഷം രൂപ അടയ്ക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. നേരെമറിച്ച് കോർപ്പറേഷൻ ഏരിയാ, പട്ടണ പ്രദേശം, ഗ്രാമപ്രദേശം എന്നിങ്ങനെ ക്ലാസിഫൈ ചെയ്തതിനുശേഷം ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എൻ. ശ്രീനിവാസൻ : അങ്ങനെ ഗ്രാമപ്രദേശങ്ങൾ എന്നും പട്ടണപ്രദേശങ്ങൾ എന്നും വ്യവച്ഛേദിച്ചിട്ടില്ല.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി : ഗുരുവായൂർ പോലെയുള്ള പുണ്യക്ഷേത്രങ്ങളുടെ അടുത്തായി ബാർ ലൈസൻസ് കൊടുത്തതായി ആക്ഷേപമുണ്ട്. അത് അവിടെനിന്നും മാറണം എന്നു വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ 120 മീറ്റർ എന്ന നിയമത്തിനതീതമായി ഇത്തരം സ്ഥലങ്ങളിൽ ബാർ ലൈസൻസ് കൊടുക്കാതിരിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. എൻ ശ്രീനിവാസൻ : ഹോട്ടലുകൾക്ക് ബാർ ലൈസൻസ് കൊടുക്കുന്നതിനെ സംബന്ധിച്ച് ഒബ്ജക്ഷണബിൾ ഡിസ്റ്റൻസ് ഒന്നും ഇല്ല. എവിടെയും വയ്ക്കാം. ഏത് അമ്പലത്തിൻെറ മുറ്റത്തും വയ്ക്കാം.

ശ്രീ. കെ. ജെ. ജോർജ് : ഏജൻസികൾവഴി വിദേശമദ്യം വാങ്ങുന്നതിന് കമ്മീഷൻ കൊടുക്കാറുണ്ടോ ? ആ കമ്മീഷൻ കൊടുക്കുന്നത് ഏതു തോതിലാണെന്നു പറയാൻ സാധിക്കുമോ ?

ശ്രീ. എൻ. ശ്രീനിവാസൻ : വിദേശമദ്യം കൊടുക്കുന്നതിന് കമ്മീഷൻ കൊടുക്കുന്നതായി അറിവില്ല.

ശ്രീ. കെ. ജെ. ജോർജ് : ബാർ ലൈസൻസ് കൊടുക്കുന്നുണ്ട് എന്നു ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. അതിൻെറ നിബന്ധനകളെ സംബന്ധിച്ച് ലിസ്റ്റ് വച്ചിട്ടുണ്ടെന്നും പറഞ്ഞു. ബാറുകളിൽ വരുന്ന ആളുകൾക്ക് കാർ പാർക്കിംഗിനുള്ള സൗകര്യങ്ങളോ മറ്റ് യാതൊരു സൗകര്യങ്ങളോ ഇല്ലാതെ പീടികകൾ തിങ്ങിക്കൂടി നിൽക്കുന്ന സ്ഥലങ്ങളിൽ ബാർ

LIBRARY ARCHIVES Kerala Legislative Assembly

ലൈസൻസ് കൊടുത്തിട്ടുണ്ട്, അങ്ങനെ കൊടുക്കുന്നത് ഏതു മാനദണ്ഡം വച്ചാണ് ? അതിനു പ്രത്യേക കമ്മിഷൻ വാങ്ങുന്നുണ്ടോ ?

(ബഹളം)

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : അമ്പലത്തിന്റെ മുമ്പിലും കള്ളുഷാപ്പു വയ്ക്കാം എന്നാണ് മന്ത്രി ഇവിടെ പറഞ്ഞത്. അതു ശരിയല്ല. അത് പിൻവലിക്കണം. ഇതു സർക്കാരിന്റെ നയമല്ല. അതുകൊണ്ട് അതു പിൻവലിക്കണം.

(ബഹളം)

ശ്രീ. എൻ. ശ്രീനിവാസൻ : ബാർ ലൈസൻസിന് അപേക്ഷിക്കുമ്പോൾ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ തുടങ്ങിയവർ കെട്ടിടം പരിശോധിക്കും. അതിന് ഒരു ഇൻസ്പെക്ടർ ഹോട്ടലിന്റെ സ്പെസിഫിക്കേഷൻ ഉണ്ടോ ഇല്ലയോ എന്നുള്ളത് അവർ റിപ്പോർട്ടു ചെയ്യും. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ബാർ ലൈസൻസ് ഇഷ്യു ചെയ്യുന്നത്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : അതു പിൻവലിക്കണം.

(ബഹളം)

മി. സ്പീക്കർ : അമ്പലത്തിനു മുമ്പിലും ബാർ തുറക്കാം. എന്ന അങ്ങയുടെ പ്രഖ്യാപനം വളരെ നിർഭാഗ്യകരമായിപ്പോയി. അങ്ങ് അത് വിഡ്രാ ചെയ്യണം.

(ബഹളം)

ശ്രീ. എൻ. ശ്രീനിവാസൻ : ഇന്നു നിലവിലിരിക്കുന്ന നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഞാൻ മറുപടി പറഞ്ഞത്. അതു മാറണമെന്നാണ് പൊതുവേയുള്ള അഭിപ്രായമെങ്കിൽ അതു പരിഗണിക്കാം.

(ബഹളം)

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ബഹുമാനപ്പെട്ട മിനിസ്റ്റർ നിയമവശം പറഞ്ഞു എന്നു മാത്രമേയുള്ളു. അങ്ങനെയൊരു ധാരണ ഉണ്ടായതു തന്നെ നിർഭാഗ്യകരമാണ്. ഗവൺമെന്റിന് അതിൽ വേമുണ്ട്. ആവശ്യമായ നടപടിയെടുക്കാം.

ശ്രീ. കെ. കൃഷ്ണൻകുട്ടി : ബാർലൈസൻസ് പുതുക്കുകയും അമ്പലത്തിനും സമീപം കൊടുക്കുകയില്ല എന്നു ഉറപ്പു പറയാമോ ?

ശ്രീ. എൻ. ശ്രീനിവാസൻ : ഇന്നത്തെ നിയമമനുസരിച്ച് അങ്ങനെ അപേക്ഷിച്ചാൽ നിരസിക്കാൻ അവകാശമില്ല. വേണമെങ്കിൽ ആ നിയമം മാറണം.

(ബഹളം)

ശ്രീ. എം. വി. രാഘവൻ : മന്ത്രിയെ സഹായിക്കാൻവേണ്ടി ഉപചോദ്യങ്ങൾ ആവശ്യപ്പെട്ടിട്ട് കൊടുക്കാതെ ചോദ്യം മാറി കൊടുക്കുകയാണോ ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ചെയറിനെ സംബന്ധിച്ചിടത്തോളം ഉപചോദ്യങ്ങൾ ചോദിക്കാനുള്ള അവസരം കളയാനുള്ള യാതൊരു ഉദ്ദേശവുമില്ല.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ : ഇവിടെ മുഖ്യമന്ത്രി പറയുന്നു ഇങ്ങനെ പറഞ്ഞത് ഖേദകരമാണെന്ന്. ഇവിടെ വകുപ്പുമന്ത്രി പറയുന്നു നിയമപ്രകാരം വയ്ക്കുന്നതാണെന്ന്. നിയമപ്രകാരം കേരളത്തിലെ ക്ഷേത്രങ്ങൾക്കു സമീപം മദ്യഷാപ്പുകൾ തുറക്കാൻ അവകാശമുണ്ടോ ? ഇല്ലെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്. ഉണ്ടെന്നാണ് മന്ത്രി പറയുന്നത്. എന്താണ് ഉത്തരം ?

ശ്രീ. എൻ. ശ്രീനിവാസൻ : മദ്യഷാപ്പുകളെന്നു പറയുന്നത് പലതുണ്ട്: ഹോംസെയിൽ ഷാപ്പുകൾ റീട്ടെയിൽ ഷാപ്പുകൾ ചാരായ ഷാപ്പുകൾ ഹോട്ടലുകൾ ഇത്തരത്തിലുണ്ട്. ഇതിൽ കള്ളുഷാപ്പുകളും ചാരായഷാപ്പുകളും റീട്ടെയിൽ ഷാപ്പുകളും ദേവാലയങ്ങളുടേയും വിദ്യാലയങ്ങളുടേയും 400 മീറ്ററിനുള്ളിൽ പാടില്ല എന്ന നിരോധനമുണ്ട്. ബാർ അറ്റാച്ച്ഡ് ഹോട്ടലിന് ഇങ്ങനെയൊരു നിരോധനം ഇന്നേവരെയില്ല. അതിനെക്കുറിച്ച് വേണമെങ്കിൽ പരിഗണിക്കാം.

ശ്രീ. എം. പി. എം. ഇസ്ഹാക് കുരിക്കൾ : നമ്മുടെ സംസ്ഥാനത്ത് ഈ അമ്പലങ്ങളുടേയും പള്ളികളുടേയും ഹോസ്പിറ്റലുകളുടേയും അടുത്ത് ബാർ ലൈസൻസ് കൊടുക്കുന്നതുമൂലം വളരെയധികം പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഉണ്ട്. ഈ നിയമത്തിൽ അതു തടയുന്നതിനുള്ള വ്യവസ്ഥ ഇല്ലെങ്കിൽ പുതിയ നിയമം കൊണ്ടുവന്ന് ഈ ബാർലൈസൻസ് നിറുത്തലാക്കുവാനോ അല്ലെങ്കിൽ നിയന്ത്രിക്കാനോ ഉള്ള നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമോ ?

ശ്രീ. എൻ. ശ്രീനിവാസൻ : ബാർ ലൈസൻസിന്റെ കാര്യത്തിൽ ഒരു നിയന്ത്രണം ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കാം.

ശ്രീ. കെ. പി. പ്രഭാകരൻ : ഹോട്ടലുകൾക്ക് ബാർ അനുവദിക്കുന്ന നിബന്ധനയിൽ ആളുകൾക്ക് (അഞ്ചാണെന്നാണ് എന്റെ ഓർമ്മ) താമസിക്കാവുന്ന, ഇത്ര മുറികൾ ഉള്ള ഹോട്ടലുകൾ എന്നൊക്കെ സ്പെസിഫൈ ചെയ്തിട്ടുണ്ട്. അതായത് ആളുകൾ താമസിക്കുന്ന ഹോട്ടലുകൾക്കാണ് ബാർ ലൈസൻസ് കൊടുക്കുന്നത്. പക്ഷേ ഇന്ന് ഗ്രാമപ്രദേശങ്ങളിൽ അനുവദിക്കുന്ന ബാർ ഹോട്ടലുകളിലൊന്നും മനുഷ്യവാസമില്ല. നാട്ടിൻ പുറങ്ങളിലും ഗ്രാമപ്രദേശങ്ങളിലും ആരും ഹോട്ടലിൽവന്ന് താമസിക്കാറില്ല. ആ വ്യവസ്ഥകളെ ലംഘിച്ചുകൊണ്ടാണ് ഇന്ന് ഗ്രാമപ്രദേശങ്ങളിൽ വ്യാപകമായി ബാറുകൾക്ക് ലൈസൻസ് കൊടുക്കുന്നത്. ഇക്കാര്യം സർക്കിൾ ഇൻസ്പെക്ടർ റിപ്പോർട്ടു ചെയ്താൽ കൊടുക്കുമെന്ന് മന്ത്രി നിയമം പറഞ്ഞു. അങ്ങനെ അനധികൃതമായി ഈ വ്യവസ്ഥ ലംഘിച്ചുകൊണ്ട് അനുവദിക്കപ്പെട്ട ഗ്രാമപ്രദേശങ്ങളിലെ ബാറുകളെ സംബന്ധിച്ച് ഒരു അന്വേഷണം നടത്തി ഇങ്ങനെ ആംപാർപ്പില്ലാത്ത ഹോട്ടലുകളിലെ ലൈസൻസ് റദ്ദാക്കാൻ തയ്യാറാകുമോ ?

ശ്രീ. എൻ. ശ്രീനിവാസൻ : ബാർ ലൈസൻസ് കൊടുക്കുന്ന ഹോട്ടലുകളിൽ വാടകയ്ക്കു കൊടുക്കാവുന്ന പത്ത് ലെറ്റബിൾ റൂംസ് വേണം. അതിന് അറ്റാച്ച്ഡ് ബാത്ത്റൂം വേണം. ഇതിൽ 25% എയർകണ്ടീഷൻഡ് ആയിരിക്കണം, എന്നൊക്കെയുള്ള വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥകൾ ലംഘിച്ചിട്ടുള്ള കെട്ടിടങ്ങൾക്കും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് നൽകിയിരിക്കാം. അതിനെക്കുറിച്ച് ആക്ഷേപം വന്നാൽ പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ കെ. പി. പ്രഭാകരൻ : ആംതാമസമില്ലാതെ വിദേശ മദ്യക്കച്ചവടത്തിനുമാത്രം ബാർലൈസൻസ് കൊടുത്തിട്ടുള്ള കേസുകളും ഒന്ന് അന്വേഷിച്ച് അത് റദ്ദാക്കാമോ ?

ശ്രീ. എൻ. ശ്രീനിവാസൻ : അതാണ് ഞാൻ പറഞ്ഞത്. പത്തു ലൊറബിംഗും വേണമെന്നാണ് നിബന്ധന. ആളുകൾക്ക് താമസിക്കാൻ കൊള്ളാത്തതാണെങ്കിൽ അത് അനുവദിക്കുന്നത് ശരിയല്ല.

ശ്രീ. എ. സി. ഷൺമുഖദാസ് : ബാർലൈസൻസ് കൊടുക്കാൻ പത്ത് വാടകയ്ക്ക് കൊടുക്കാവുന്ന മുറികളും എയർകണ്ടീഷൻറുമും വേണമെന്ന വ്യവസ്ഥ വച്ചിരിക്കുന്നത് നമ്മുടെ ടൂറിസം വികസനത്തിന് ബാർ ലൈസൻസ് ഇല്ലാത്തതുകൊണ്ട് തടസമാകുമെന്ന കാരണത്താലാണ്. എന്നാൽ ഇന്ന് ബാർലൈസൻസ് കൊടുക്കുന്ന പലതും ടൂറിസവുമായി ബന്ധമില്ലാത്ത ടൂറിസ്റ്റുകൾ കഴിഞ്ഞ എത്രയോവർഷക്കാലമായി പോയിട്ടില്ലാത്ത കുഗ്രാമങ്ങളിലാണ്. ബാർലൈസൻസ് കിട്ടുന്നതിനുവേണ്ടി മാത്രമാണ് ഈ വാടകമുറികൾ ഉണ്ടാക്കുന്നത്. യഥാർത്ഥത്തിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നില്ല. വാടകയ്ക്ക് ആളുകൾ താമസിക്കുന്നില്ല എന്നുള്ളത് പരിഗണിച്ച് ഇത്തരത്തിലുള്ള ലൈസൻസ് കാൻസൽ ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എൻ. ശ്രീനിവാസൻ : ഞാൻ നേരത്തെ പറഞ്ഞു ബാർ ലൈസൻസിന് അപേക്ഷ വരുമ്പോൾ സർക്കിൾ ഇൻസ്പെക്ടർ പോയി പരിശോധിക്കും. അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർ പോയി പരിശോധിക്കും. ഒരു പ്രൊ ഫോർമയുണ്ട്. അതനുസരിച്ചുള്ള റിപ്പോർട്ടിൻറെ അടിസ്ഥാനത്തിലാണ് ബാർലൈസൻസ് കൊടുക്കുന്നത്. അതിൽ വല്ല കൊള്ളരുതായ്മകളും നടന്നിട്ടുണ്ടോ എന്ന് എനിക്ക് പറയാൻ ഒക്കുകയില്ല. ഇങ്ങനെയുള്ള കൊള്ളരുതായ്മകൾ നടത്തിയിട്ടുള്ള ഈ കണ്ടീഷൻസ് പരിപാലിക്കാത്ത ഹോട്ടലുകൾക്ക് ബാർലൈസൻസ് കൊടുത്തിട്ടുണ്ടെന്ന് ശ്രദ്ധയിൽപെട്ടാൽ അത് കാൻസൽ ചെയ്യാം.

യൂത്ത് ക്ലബ്ബ് രൂപീകരണം സംബന്ധിച്ച പരാതികൾ

* 267 [324] ശ്രീ. നാലകത്തു സൂപ്പി :
,, കെ. പി. എ. മജീദ് :
,, പി. കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യൂത്ത് ക്ലബ്ബ് രൂപീകരണത്തെക്കുറിച്ച് ഗവൺമെൻറിന് പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ ഗവൺമെൻറ് എന്തു നടപടി സ്വീകരിച്ചു ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly